'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - തൃശ്ശൂർ ജില്ലയിലെ കൊണ്ടാഴി ഗ്രാമപഞ്ചായത്ത് ജീവനക്കാർക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

**സ.ഉ.(സാധാ) നം.1344/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 01/07/2019**

---

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ ഡയറക്ടറുടെ 15.12.2016-ലെ ഇ13(എസ്.സി.39/2016/റ്റിഎസ്ആർ/എൽഎസ്ജിഡി)35591/2016 നമ്പർ കത്ത്

2 വിജിലൻസ് (ഡി) വകുപ്പിന്റെ 28.01.2017-ലെ 14201/ഡി3/2016/വിജി. നമ്പർ കത്ത്

3 സർക്കാരിന്റെ 25.03.2017-ലെ 41/ഇപിബി3/2017/തസ്വഭവ നമ്പർ കുറ്റപത്രം

4 ശ്രീ. സി.എം. ഗിരീഷ് മോഹൻ, ശ്രീമതി. ടി.എൻ. ബിന്ദു, എന്നിവർ യഥാക്രമം 01.06.2017, 26.06.2017 എന്നീ തീയതികളിൽ സമർപ്പിച്ച പ്രതിവാദ പത്രികകൾ

5 ശ്രീ. കിഷൻ ലാൽ കെ.വി, ശ്രീമതി. ലളിത സി.എസ്., ശ്രീമതി. സന്ധ്യ കെ.കെ. ശ്രീമതി. മാലിനി പി. എസ്., ശ്രീ. നിജാമുദ്ദീൻ എ. എന്നിവർ സമർപ്പിച്ച വിശദീകരണം

6 പഞ്ചായത്ത് ഡയറക്ടറുടെ 08.10.2018-ലെ ഡി7-12031/2017 നമ്പർ കത്ത്

## ഉത്തരവ്

തൃശ്ശൂർ ജില്ലയിലെ കൊണ്ടാഴി ഗ്രാമപഞ്ചായത്തിൽ വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ ആകസ്മിക പരിശോധന നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. വിജിലൻസ് പരിശോധനയിൽ ഉദ്യോഗസ്ഥർ പേഴ്സണൽ രജിസ്റ്റർ, വിതരണ രജിസ്റ്റർ എന്നിവ കൃത്യമായി കൈകാര്യം ചെയ്യുന്നില്ലെന്ന് കണ്ടെത്തുകയുണ്ടായി. തുടർന്ന് പേഴ്സണൽ രജിസ്റ്റർ കൃത്യമായി കൈകാര്യം ചെയ്യുന്നതിൽ വീഴ്ച വരുത്തിയ കൊണ്ടാഴി ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്കുമാരായ ശ്രീ. കിഷൻ ലാൽ, ശ്രീമതി. ലളിത സി.എസ്, ക്ലാർക്കുമാരായ ശ്രീമതി. സന്ധ്യ കെ.കെ, ശ്രീമതി. മാലിനി പി.എസ്, ശ്രീ. നിജാമുദ്ദീൻ എന്നിവരിൽ നിന്നും വിശദീകരണം വാങ്ങുവാനും, മേൽ വീഴ്ചകൾ ഉണ്ടായതുവഴി ഓഫീസ് മേൽനോട്ട നിർവ്വഹണത്തിൽ വീഴ്ച വരുത്തിയ സെക്രട്ടറിയുടെ അധിക ചുമതല വഹിച്ചിരുന്ന അസിസ്റ്റന്റ് സെക്രട്ടറി ശ്രീമതി. ബിന്ദു ടി.എൻ, ഹെഡ് ക്ലാർക്ക് ശ്രീ. ഗിരീഷ് മോഹൻ സി.എം. എന്നിവർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുവാനും ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ശ്രീ. കിഷൻ ലാൽ കെ.വി, ശ്രീമതി. ലളിത സി.എസ്, ശ്രീമതി സന്ധ്യ കെ.കെ, ശ്രീമതി. മാലിനി പി.എസ്, ശ്രീ. നിജാമുദ്ദീൻ എ. എന്നിവരുടെ വിശദീകരണം വാങ്ങി റിപ്പോർട്ട് ലഭ്യമാക്കാൻ പഞ്ചായത്ത് ഡയറക്ടറോട് ആവശ്യപ്പെടുകയും, ശ്രീമതി. ബിന്ദു ടി.എൻ, ശ്രീ. ഗിരീഷ് മോഹൻ സി.എം. എന്നിവർക്കെതിരെ പരാമർശം (3) പ്രകാരം ലഘു ശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകി അച്ചടക്കനടപടി ആരംഭിക്കുകയും ചെയ്തു. കുറ്റപത്രത്തിനും വിശദീകരണങ്ങൾക്കും ഉദ്യോഗസ്ഥർ യഥാക്രമം പരാമർശം (4), (5) പ്രകാരം ലഭ്യമാക്കിയ മറുപടിയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം ( 6 ) പ്രകാരം റിപ്പോർട്ട്

ലഭ്യമാക്കിയിട്ടുണ്ട്.

കൊണ്ടാഴി ഗ്രാമപഞ്ചായത്ത് ഓഫീസിൽ അന്വേഷണം നടത്തിയതിൽ, വിജിലൻസ് ആകസ്മിക പരിശോധന നടത്തിയ 2016 ജൂലൈ മാസത്തിൽ കടലാസ് രഹിത ഓഫീസ് എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി നടപ്പിലാക്കിയ സൂചിക സോഫ്റ്റ് വെയർ സംവിധാനം വഴിയാണ് തപാലുകൾ സ്വീകരിക്കുകയും വിതരണം നടത്തുകയും ചെയ്തിരുന്നതെന്നും പേഴ്സണൽ രജിസ്റ്ററും വിതരണ രജിസ്റ്ററും സൂചിക സോഫ്റ്റ് വയറിൽ ലഭ്യമായിരുന്നതിനാൽ മാനുവൽ ആയി അവ ഓഫീസിൽ സൂക്ഷിച്ചിരുന്നില്ലായെന്നും സൂചിക സോഫ്റ്റ് വെയർ വഴിയുള്ള ഫയൽ പ്രോസസ്സിംഗ് സംവിധാനത്തിന്റെ പ്രാരംഭ ഘട്ടമായിരുന്നതിനാൽ ഇത്തരം കാര്യങ്ങൾ ചെയ്യുന്നതിനുള്ള പരിചയക്കുറവ് ഉണ്ടായതിനാലും ആവശ്യമായ പ്രായോഗിക പരിശീലനം എല്ലാവർക്കും ശരിയായ രീതിയിൽ ലഭിക്കാതിരുന്നതിനാലും ഫയൽ നീക്കങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നതിൽ മനഃപൂർവമല്ലാത്ത അപാകതകൾ സംഭവിച്ചിട്ടുണ്ടായിരുന്നുവെന്നും എന്നാൽ പിന്നീട് അവയെല്ലാം പരിഹരിക്കുകയുണ്ടായി എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേൽ സാഹചര്യങ്ങൾ പരിഗണിച്ച് പഞ്ചായത്തിലെ വർദ്ധിച്ച ജോലിഭാരം മൂലം മനഃപൂർവമല്ലാതെ സംഭവിച്ച പാകപ്പിഴകളും അപാകതകളും മാപ്പാക്കി ശ്രീമതി ടി. എൻ. ബിന്ദു, ശ്രീ. സി.എം. ഗിരീഷ് മോഹൻ, ശ്രീ. കിഷൻ ലാൽ കെ.വി, ശ്രീമതി. ലളിത സി.എസ്. , ശ്രീമതി. സന്ധ്യ കെ.കെ. ശ്രീമതി. മാലിനി പി. എസ്. , ശ്രീ. നിജാമുദ്ദീൻ എ. എന്നീ ജീവനക്കാർക്കെതിരെ കടുത്ത അച്ചടക്കനടപടികൾ സ്വീകരിക്കേണ്ട സാഹചര്യം ഒഴിവാക്കാവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സോഫ്റ്റ് വെയർ ശരിയായിവരുന്നതുവരെ മാനുവൽ ആയി രജിസ്റ്റർ സൂക്ഷിക്കേണ്ടതായിരുന്നുവെങ്കിലും പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും പഞ്ചായത്തിലെ വർദ്ധിച്ച ജോലിഭാരം മൂലം മനഃപൂർവമല്ലാതെ സംഭവിച്ച പാകപ്പിഴകളും അപാകതകളും മാപ്പാക്കി നൽകണമെന്ന കുറ്റാരോപിതരുടെ ആവശ്യത്തെ അനുഭാവപൂർവം പരിഗണിച്ചും സീനിയർ ക്ലാർക്കുമാരായ ശ്രീ. കിഷൻ ലാൽ കെ.വി, ശ്രീമതി. ലളിത സി.എസ്, ക്ലാർക്കുമാരായ ശ്രീമതി. സന്ധ്യ കെ.കെ, ശ്രീമതി. മാലിനി പി.എസ്, ശ്രീ. നിജാമുദ്ദീൻ എ. എന്നിവർക്കെതിരെ തുടർനടപടികൾ സ്വീകരിക്കേണ്ടതില്ലായെന്നുകണ്ട് തീർപ്പാക്കിയും, ഓഫീസ് മേൽനോട്ട നിർവ്വഹണത്തിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരായ കൊണ്ടാഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അധിക ചുമതല വഹിച്ചിരുന്ന അസിസ്റ്റന്റ് സെക്രട്ടറി ശ്രീമതി. ടി.എൻ. ബിന്ദു, ഹെഡ് ക്ലാർക്ക് ശ്രീ. സി.എം. ഗിരീഷ് മോഹൻ എന്നിവർക്കെതിരെ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ ചട്ടം 1 6 പ്രകാരം ആരംഭിച്ച അച്ചടക്ക നടപടി 'സെൻഷർ' നൽകിയും അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവാകുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

**രമണി മാത്യൂ**

**അഡീഷണല് സെക്രട്ടറി**

പകർപ്പ്

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, കൊണ്ടാഴി ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ

(പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ, തിരുവനന്തപുരം

4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ

5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

6. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം

7. വിജിലൻസ് വകുപ്പ്

(യു.ഒ റിമാർക്ക് നം.വിജി.ഡി3/22/2019/വിജി. തീയതി 06.02.2019പ്രകാരം)

8. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/41/2017/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ